**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4412 22 /07/2015 -ൽ മറുപടിയ്ക്ക്**

**ബിയർ -വൈൻ പാർലറുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.പി.ടി.എ.റഹീം** | | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** | |
| (എ) | പുതിയ മദ്യ നയം പ്രഖ്യാപിച്ച ശേഷം എത്ര ബിയർ-വൈൻ പാർലറുകൾ തുടങ്ങിയിട്ടുണ്ട്; | (എ) | പുതിയ മദ്യ നയം പ്രഖ്യാപിച്ച ശേഷം 688 ബിയർ-വൈൻ പാർലറുകൾ തുടങ്ങിയിട്ടുണ്ട്. |
| (ബി) | ബാറുകളും ബിയർ-വൈൻ പാർലറുകളും തമ്മിലുള്ള വ്യത്യാസം എന്താണ്; | (ബി) | ബാറുകളിൽ ഭക്ഷണത്തോടൊപ്പം എല്ലായിനത്തിൽപ്പെട്ട വിദേശമദ്യങ്ങളും വില്പന നടത്താവുന്നതാണ്. എന്നാൽ ബിയർ-വൈൻ പാർലറുകളിൽ ഭക്ഷണത്തോടൊപ്പം ബിയറും വൈനും മാത്രമേ വില്പന നടത്താവൂ. |
| (സി) | ബാറുകൾക്ക് ബാധകമായ നിയന്ത്രണങ്ങൾ ബിയർ-വൈൻ പാർലറുകൾക്കും ബാധകമാണോ; | (സി) | നിലവിൽ ബാർ ലൈസൻസുകൾ പഞ്ചനക്ഷത്രവും അതിനുമുകളിലും നക്ഷത്ര പദവിയുള്ള ഹോട്ടലുകൾക്ക മാത്രമേ അനുവദിക്കുകയുള്ളൂ. ബിയർ-വൈൻ പാർലറുകൾ 3 നക്ഷത്ര പദവി മുതൽ മുകളിലോട്ട് പദവിയുള്ള ഹോട്ടലുകൾക്കും വിനോദ സഞ്ചാര മേഖലയായി നികുതി വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ സംസ്ഥാന ടൂറിസം വകുപ്പിന്റെ ക്ലാസിഫൈഡ് റെസ്റ്റോറന്റ് സർട്ടിഫിക്കറ്റ് ഉള്ള ഹോട്ടലുകൾക്കും മാത്രമേ പുതുതായി അനുവദിക്കുകയുള്ളൂ. ഒബ്ജക്ഷണബിൾ സൈറ്റിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | ദൂരപരിധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപപത്രം തുടങ്ങിയ നിയന്ത്രണങ്ങൾ ബാർ ഹോട്ടലുകൾക്കും ബിയർ-വൈൻ പാർലറുകൾക്കും ബാധകമാണ്. |
| (ഡി) | ബിയർ-വൈൻ പാർലറുകളിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതിന്റെ പ്രായപരിധി എത്രയാണ്; | (ഡി) | ബിയർ -വൈൻ പാർലറുകളിൽ നിന്നും ബിയറും വൈനും വാങ്ങാൻ കുറഞ്ഞത് 21 വയസ്സ് പ്രായം വേണമെന്നാണ് നിലവിലുള്ള നിയമം. |
| (ഇ) | ആരാധനാലയങ്ങളുടെ ദൂരപരിധി ഇവയുടെ കാര്യത്തിൽ പരിഗണിക്കേണ്ടതുണ്ടോ? | (ഇ) | ആരാധനാലയങ്ങളിൽ നിന്നുള്ള ദൂരപരിധി ബിയർ-വൈൻ പാർലറുകൾ അനുവദിക്കുന്ന കാര്യത്തിൽ പരിഗണിക്കേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**